ടെണ്ടർ വിളിച്ചു കഴിഞ്ഞു. ഫെബ്രുവരി രണ്ടാം തീയതിയാണ് ടെണ്ടറിന്റെ ഷെഡ്യൂളിന്റെ സെയിൽസ് 8-ാം തീയതിയോ 9-ാം തീയതിയോ പൂർത്തിയാകും. അതിനുശേഷം അവസാന ദിവസം 20-4-2001-ൽ ഈ പണികൾ തീരുന്ന മുറയ്ക്ക് കൊച്ചിയിലും പരിസര പ്രദേശങ്ങളിലുമുള്ള ജലക്ഷാമത്തിന് കുറച്ചൊക്കെ പരിഹാരമുണ്ടാകുന്നതാണ്.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഹഡ്കോ പദ്ധതിയും ചൊവ്വര പദ്ധതിയും, സമയബന്ധിതമായി പൂർത്തിയാക്കാൻ ജനപ്രതിനിധികളും ഉയർന്ന ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന ഒരു ഹൈ പവർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതാലോചിക്കാം. ഇവയുടെ പ്രവർത്തനങ്ങൾക്കൊക്കെ ഞാൻ നേരത്തെ സൂചിപ്പിച്ചത് മാനേജുമെന്റ് കമ്മിറ്റി എന്നൊക്കെ പറയുമ്പോൾ ഹൈ പവർ കമ്മിറ്റി പോലെ തന്നെ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ചാണ് ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതു പോലെ അങ്ങനെയൊരു കമ്മിറ്റി രൂപീകരിക്കുന്നത് അവിടത്തെ രണ്ടു വർക്കുകൾക്കും-ചൊവ്വര പദ്ധതിയുടേയും ഹഡ്കോ പദ്ധതിയുടെയും വർക്കുകളുടെ തടസ്സം നീക്കാനും തർക്കങ്ങൾ പരിഹരിക്കാനും സഹായിക്കുന്ന നിലയിൽ ആ കമ്മിറ്റിയെ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

(2) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംമൂലം സംസ്ഥാന കാർഷികമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, 1991-ൽ കോൺഗ്രസ് (ഐ) ഗവൺമെന്റ് തുടങ്ങിയതും ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് ശക്തികൂട്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പുത്തൻസാമ്പത്തിക നയം കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ നട്ടെല്ല് തകർത്തിരിക്കുകയാണ്. ഈ നയം ഉണ്ടാക്കാൻ പോകുന്ന കെടുതികളും പ്രത്യാഘാതങ്ങളും ചൂണ്ടിക്കാണിച്ചതുകൊണ്ട് 1991 മുതൽ തന്നെ ഒട്ടേറെ സമരങ്ങളും പ്രക്ഷോഭങ്ങളും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേരള സംസ്ഥാനത്ത് നടത്തിയിട്ടുണ്ട്. അടുത്ത കാലത്തായി കേരളത്തിലെ എൽ.ഡി.എഫ്. ന്റെ എം.പി. മാരും എം.എൽ.എ.മാരും ഡൽഹിയിൽ പോയി സമരം നടത്തി. എൽ.ഡി.എഫ്. കർഷകരും കർഷത്തൊഴിലാളികളും സമരം നടത്തി. വർഗ്ഗ ബഹുജനസംഘടനകളുടെ ലക്ഷങ്ങൾ പങ്കെടുത്തുകൊണ്ട് മനുഷ്യച്ചങ്ങല നടത്തി. കേരളത്തെ രക്ഷിക്കുകയെന്നാവശ്യപ്പെട്ടുകൊണ്ട് ഒട്ടേറെ പ്രക്ഷോഭങ്ങളും സമരങ്ങളും നടന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അവരുടെ നയത്തിൽ യാതൊരു മാറ്റവും വരുത്താൻ തയ്യാറല്ലെന്നുള്ള നിലപാടാണ് ഇപ്പോഴും വ്യക്തമാക്കുന്നത്. ഈ അവസരത്തിൽ തങ്ങളാണ് തുടങ്ങി വച്ചത് എന്നുള്ളതുകൊണ്ട് കോൺഗ്രസ് ഇതിനെതിരായി പ്രതികരിക്കാൻ തയ്യാറാകുന്നില്ല എന്നത് നിർഭാഗ്യകരമാണ്. ഈ നയം നടപ്പിലാക്കുമ്പോൾ അവർ പറഞ്ഞത് കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുമെന്നാണ്. പക്ഷേ ഈ നയം നടപ്പിലാക്കുന്നതിനു മുമ്പുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലുമൊരു കാർഷികവിള വിലത്തകർച്ചയെ നേരിടുന്ന സാഹചര്യമുണ്ടായാൽ മറ്റേതെങ്കിലുമൊരു വിളയിന്മേൽ കൃഷിക്കാരന് ആദായകരമായ വില ലഭിക്കുമായിരുന്നു. ഇന്നിപ്പോൾ എല്ലാ കൃഷിയും ഒരുപോലെ തകരുന്ന അവസ്ഥയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു കൃഷിയും ചെയ്ത് കർഷകന് പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കാർഷികമേഖലയെ രക്ഷിക്കാൻ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് ഇടപെട്ടല്ലാതെ സാദ്ധ്യമല്ല. 1991-ൽ 350 ശതമാനമായിരുന്നു ഇറക്കുമതി ചുങ്കം. അത് 15 ശതമാനമായി കേന്ദ്ര ഗവൺമെന്റ് കുറച്ചു. ഡബ്ല്യൂ.ടി.ഒ.യുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് എന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. കരാറുണ്ടാക്കിയ മറ്റു പല രാജ്യങ്ങളും ഇറക്കുമതിച്ചുങ്കം കുറയ്ക്കാതെ അവരുടെ രാജ്യത്തെ കാർഷിക വ്യാവസായിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും ആഭ്യന്തര ഉൽപ്പാദന മേഖല തകരാതിരിക്കുന്നതിനും ശ്രദ്ധിക്കുമ്പോൾ 2002-ൽ നടപ്പിലാക്കേണ്ട കരാർ പോലും 2000-2001-ൽ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായതാണ് ഇത്ര വേഗം ഈ കെടുതിയിലേക്ക് നമ്മുടെ സംസ്ഥാനത്തെ എത്തിക്കാനിടയായത്. റബ്ബർ, നാളികേരം, അടയ്ക്ക, കുരുമുളക്, തേയില, കാപ്പി, ഏലം, കൊക്കോ, പാൽ, ഭക്ഷ്യ എണ്ണകൾ, എണ്ണക്കുരുക്കൾ ഇവയെല്ലാം തന്നെ കുറഞ്ഞ ഇറക്കുമതിച്ചുങ്കം നൽകി അനിയന്ത്രിതമായ ഇറക്കുമതി നമ്മുടെ രാജ്യത്തേക്ക് നടത്തിക്കൊണ്ടിരിക്കുകയാണ്. 340 ഇനങ്ങളായിരുന്നു ആദ്യം കരാറിലൂടെ ഇറക്കുമതിക്ക് അനുമതി നൽകിയതെങ്കിൽ പിന്നീടത് 930 ഇനങ്ങളായി വർദ്ധിച്ചു. സാർക്കിൽ അംഗത്വമുള്ള രാജ്യങ്ങൾ 2000 ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ ഉള്ള അനുവാദം ആ രാജ്യങ്ങളുടെ സമ്മേളനം തീരുമാനിച്ചു. 894 ഇനങ്ങൾ നിയന്ത്രണ പട്ടികയിൽനിന്ന് പിന്നീട് ഒഴിവാക്കി. ഇൻഡോ-അമേരിക്കൻ കരാറനുസരിച്ച് 2000 ഏപ്രിൽ ഒന്നു മുതൽ 714 ഇനങ്ങളാണ്. 2001 ഏപ്രിൽ ഒന്നു മുതൽ 715 ഇനം സാധനങ്ങളും ഇറക്കുമതി ചെയ്യാനുള്ള നിയന്ത്രണം ഉപേക്ഷിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇനി ഇറക്കുമതി ചെയ്യാനൊന്നും ബാക്കിയില്ല. ഈ 715 ഉൽപ്പന്നങ്ങൾ കൂടി ഇറക്കുമതി ചെയ്തു കഴിഞ്ഞാൽ കേരള സംസ്ഥാനത്ത് കാർഷിക വ്യാവസായിക മേഖലയിൽ ഒരുല്പന്നവും നമ്മൾ ഉൽപ്പാദിപ്പിക്കേണ്ടതില്ല. ഇതെല്ലാം തന്നെ വിദേശത്തുനിന്നും ഇഷ്ടം പോലെ ഇറക്കുമതി ചെയ്യാൻ സാധിക്കും. റബ്ബറിന്റെ വില 65 രൂപയിൽ നിന്ന് 25 രൂപയായി കുറഞ്ഞു. കൊപ്ര 44 രൂപയിൽ നിന്ന് 18 രൂപയായി. അടയ്ക്ക 165 രൂപയിൽനിന്ന് 40 രൂപയായി. കാപ്പി 120 രൂപയിൽനിന്ന് 30 രൂപയായി. കുരുമുളക് 230 രൂപയിൽനിന്ന് 110 രൂപയായി. കൊളുന്ത് തേയില 12 രൂപയിൽ നിന്ന് രണ്ടു രൂപയായി. കൊക്കോ 75 രൂപയിൽനിന്ന് 15 രൂപയായി. നെല്ല് 7 രൂപ 50 പൈസ ഉണ്ടായിരുന്നു. അത് നാലര രൂപയായി കുറഞ്ഞു. ഇങ്ങനെ കേരളത്തിലെ ലക്ഷക്കണക്കിന് കൃഷിക്കാരെ പ്രതികൂലമായി ബാധിച്ചു കൊണ്ടിരിക്കുകയാണ്.

ഇതുമൂലം കിട്ടിയ കണക്കുകളനുസരിച്ച് ഏതാണ്ട് ആറായിരത്തിലേറെ കോടി രൂപ ഒരു വർഷം കാർഷിക മേഖലയിൽ വരുമാനം കുറഞ്ഞിരിക്കുന്നു. ഇതുമാത്രമല്ല കാർഷികോൽപ്പാദനച്ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റ് സബ്സിഡികൾ പിൻവലിച്ചതിന്റെ ഭാഗമായിട്ട് അമോണിയ കിലോഗ്രാമിന് 3.60 രൂപ എന്നുള്ളത് 8.90 രൂപ ആയി. പൊട്ടാഷ് ഒരു രൂപ 20 പൈസയിൽ നിന്നും 4.25 രൂപ ആയി. 17:17:17, 2.10 രൂപയിൽ നിന്നും
10 A.M.] 7.65 രൂപ ആയി. യൂറിയ 3.രൂപ 60 പൈസയിൽ നിന്നും 4 രൂപ 40 പൈസയായി. മണ്ണെണ്ണയുടെ വില രണ്ടു രൂപ 40 പൈസയിൽ നിന്നും 8 രൂപ 80 പൈസ ആയിട്ട് ഉയർന്നു. രാസവളത്തിന്റെ വില വർദ്ധനവുമൂലം ഉപയോഗം കുറഞ്ഞുവരികയാണ്. 1995 വരെ ഒരു ഹെക്ടറിൽ 74 കിലോഗ്രാം രാസവളമാണ് ഉപയോഗിച്ചതെങ്കിൽ ഇപ്പോൾ അത് 49 കിലോഗ്രാമായി കുറഞ്ഞിരിക്കുകയാണ്. അതിന്റെ ഫലമായിട്ട് വീണ്ടും ഉൽപ്പാദനം കുറയുന്നു. ഉൽപ്പാദനക്ഷമത കുറയുന്നു. അതുപോലെ ഡീസലിന്റെ വിലവർദ്ധനവ്. ഇതെല്ലാം തന്നെ കാർഷികമേഖലയെ ബാധിക്കുന്നു. ഈ രീതിയിൽ വലിയ ഉൽപാദനച്ചെലവു വരുന്നതുകൊണ്ട് വില കുറയുന്ന സാഹചര്യത്തിൽ കാർഷിക മേഖലയിൽ കൃഷിക്കാരന് പിടിച്ചുനിൽക്കാനാകുന്നില്ല. മാത്രമല്ല കേരളത്തിലുൾപ്പെടെ കാർഷികോൽപാദന വളർച്ചാ നിരക്ക് കുറഞ്ഞുവരികയാണ്. 127.84 ദശലക്ഷം ഹെക്ടർ കൃഷി ഭൂമി ഉണ്ടായിരുന്നിടത്ത് 124 ദശലക്ഷമായിട്ട് കുറഞ്ഞുവെന്നാണ് അഖിലേന്ത്യാ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് രാജ്യത്തിന് മൊത്തം ക്ഷീണമുണ്ടാക്കുന്ന, തകർച്ചയുണ്ടാക്കുന്ന ഒരു നയമാണ് എന്ന് വ്യക്തമാണ്. ഭക്ഷ്യോൽപ്പാദന മേഖലയിലും തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയെ രക്ഷിക്കാൻ ഒരു പുതിയ പാക്കേജ് പദ്ധതി പ്രധാനമന്ത്രി പ്രഖ്യാപിച്ചുവെന്നാണ് ചില പത്രങ്ങളൊക്കെ കൊട്ടിഘോഷിക്കുന്നത്. ആ പാക്കേജിൽ പറയുന്നത് നാളികേരത്തിന്റെ ഉൽപാദനം വർദ്ധിപ്പിക്കുക, അതുപോലെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക എന്നാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഈ നയം തുടരുന്നിടത്തോളംകാലം കൃഷിക്കാരന് ആകില്ല. ക്ഷമത വർദ്ധിപ്പിച്ചതു കൊണ്ടും പിടിച്ചുനിൽക്കാനാകില്ല. വൈവിധ്യവൽക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമല്ല. വിദേശത്തുനിന്നും കോക്കനട്ട് പൗഡർ എന്നപേരിൽ തേങ്ങാപ്പീര ഇറക്കുമതി ചെയ്യുന്നു. അതുപോലെ കോക്കനട്ട് മിൽക്ക് എന്നപേരിൽ തേങ്ങാപ്പാൽ ഇറക്കുമതി ചെയ്യുന്നു. ഇതെല്ലാം ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ ഇവിടെ വൈവിദ്ധ്യവൽക്കരണം കൊണ്ടും പിടിച്ചുനിൽക്കാനാകില്ല. ഈ അവസരത്തിൽ കേരളത്തിലെ ഗവൺമെന്റ് ഒട്ടേറെ സംരക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്നതുപോലുള്ള വ്യാപകമായ ആത്മഹത്യകൾ കേരളത്തിൽ നടക്കാത്തത്. പക്ഷേ അധികകാലം ഇങ്ങനേയും കേരളത്തിലെ കൃഷിക്കാർക്ക് പിടിച്ചുനിൽക്കാൻ ആകില്ല എന്നുള്ളതാണ് സംഭവങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. റബ്ബർകൃഷിയുടെ തകർച്ച 9 ലക്ഷം കൃഷിക്കാരെയാണ് ബാധിച്ചിരിക്കുന്നത്. സ്വാഭാവിക റബ്ബർ, റബ്ബർ ഉൽപ്പന്നങ്ങൾ, പോളീയൂറിത്തീൻ എന്നിവയെല്ലാം നിർബാധം ഇറക്കുമതി ചെയ്യാനുള്ള അനുവാദം കൊടുത്തുതുകൊണ്ടാണ് ഈ വിലത്തകർച്ചയുണ്ടായത്. 36 ലക്ഷം തെങ്ങു കൃഷിക്കാരെ നാളികേരത്തിന്റെ വിലത്തകർച്ച ബാധിച്ചിരിക്കുന്നു. കേരളത്തിൻ 667 കോടി നാളികേരം ഉൽപ്പാദിപ്പിക്കുന്നുവെന്നാണ് കണക്കുകൾ പറയുന്നത്. ഇതിന്റെ ഭാഗമായി ഒരു വർഷം ഏതാണ്ട് രണ്ടായിരത്തിലേറെ കോടി രൂപ കൃഷിക്കാർക്ക് ലഭിക്കുന്നത് കുറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പാമോയിലിന്റേയും മറ്റ് ഭക്ഷ്യഎണ്ണകളുടേയും ഇറക്കുമതിയാണ് ഈ നാളികേര വില തകർച്ചയ്ക്കുള്ള പ്രധാനപ്പെട്ട കാരണം. തേയിലയുടെ ഇറക്കുമതിയാണ് തേയിലയുടെ വിലത്തകർച്ചയ്ക്കു കാരണം. അൽപം പിടിച്ചു നിന്നത് കുരുമുളകാണ്. ആ കുരുമുളകു കൃഷിയും പൂർണ്ണമായും തകർന്നു കൊണ്ടിരിക്കുന്നു. അതുപോലെതന്നെ ഇപ്പോൾ വ്യാപകമായി വന്നു കൊണ്ടിരിക്കുന്ന കീടബാധ. കീടബാധ വരുമ്പോൾ അതിൽനിന്നും കൃഷിയെ രക്ഷിക്കുന്നതിനുവേണ്ടി കീടനാശിനി ഉപയോഗിക്കാൻ കൃഷിക്കാർക്കു കഴിയാത്തവിധം കീടനാശിനിയുടെ ഗുണനിലവാരം കുറയുന്നു, വില വർദ്ധിക്കുന്നു. ഇതും ഇപ്പോൾ വ്യാപകമായിട്ട് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ എല്ലാ നിലയിലും പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയിൽ നമ്മുടെ കാർഷികമേഖല പോയിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംരക്ഷണ പദ്ധതികൾ ശക്തിപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെ നയം പൂർണ്ണമായും തിരുത്തിക്കൊണ്ടു മാത്രമേ കേരളത്തിന്റെ കാർഷികമേഖലയെ രക്ഷിക്കാൻ സാധിക്കൂ. കേന്ദ്രത്തിലെ നയം തിരുത്തിക്കുന്നതിന് കേരളത്തിലെ ജനങ്ങൾ ഒന്നിച്ച് പോരാട്ടരംഗത്തേക്ക് വരാൻ കഴിയത്തക്കവിധം സംസ്ഥാന ഗവൺമെന്റ് നേതൃത്വം കൊടുക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. കെ. രാജേന്ദ്രൻ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ നമ്മുടെ കാർഷികമേഖലയിൽ ഇന്ന് നിലനിൽക്കുന്ന വസ്തുതകളാണ്. കഴിഞ്ഞ ദിവസം ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ഈ പ്രശ്നങ്ങൾ വളരെ വിശദമായി ഈ സഭയിൽ പ്രതിപാദിച്ചിട്ടുണ്ട്. 1991-ൽ ഒപ്പുവച്ച ഗാട്ടു കരാറും അതിനെത്തുടർന്ന് 1994-ൽ ഉണ്ടായ ലോക വാണിജ്യ കരാറിലെ വ്യവസ്ഥകളും വഴി ഇൻഡ്യൻ വിപണിയിലെ എല്ലാ അളവുകളും നിയന്ത്രണങ്ങളും എടുത്തുകളയപ്പെട്ടിരിക്കുന്നു. നമ്മുടെ വിപണിയിൽ എത്രയോ വർഷങ്ങളായിട്ട് നിലനിന്നുപോന്നിരുന്ന അളവ് നിയന്ത്രണങ്ങളെ പാടെ എടുത്ത് കളഞ്ഞ് യഥേഷ്ടം വിദേശ രാജ്യങ്ങളിൽനിന്നുമുള്ള ഉൽപ്പന്നങ്ങൾ നമ്മുടെ കമ്പോളങ്ങളിൽ ഇറക്കുമതി ചെയ്യുന്നതിനുള്ള തുറന്ന അവസരം പ്രദാനം ചെയ്യുന്നതുകൊണ്ടാണ് ഈ ദു:സ്ഥിതി കേരളത്തിന്റെ കാർഷിക മേഖലയെ ബാധിക്കാൻ തുടങ്ങിയത്. നിയന്ത്രണങ്ങൾ നീക്കം ചെയ്യുക മാത്രമല്ല അതിനനുസൃതമായി വിദേശ ഉൽപ്പന്നങ്ങൾ നമ്മുടെ രാജ്യത്തിന്റെ കമ്പോളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നതിനുള്ള ഇറക്കുമതി ചുങ്കം ഓരോ വർഷവും പരമാവധി കുറച്ചുകുറച്ചു കൊണ്ടുവന്ന ഒരു സ്ഥിതിവിശേഷവും ഈ ദു:സ്ഥിതിക്ക് കാരണമായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഈ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുണ്ടായ ഉദാരവൽക്കരണത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന് ഏകദേശം 6645 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത്രയും വമ്പിച്ച നഷ്ടം സഹിക്കാൻ കഴിയുന്നതല്ല കേരളം, കേരളത്തിലെ കാർഷിക മേഖല, കേരളത്തിലെ കർഷകർ. ഞാൻ അതിന്റെ കണക്കുകൾ ഒന്നൊന്നായി പറയുന്നില്ല. ബഹുമാനപ്പെട്ട അംഗം തന്നെ ഓരോ ഇനങ്ങളിലും ഉണ്ടായിട്ടുള്ള വിലക്കുറവിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള കാര്യങ്ങൾ പറയുകയുണ്ടായി. 2001 ഏപ്രിൽ 1-ാം തീയതി മുതൽ ഇൻഡ്യൻ അമേരിക്കൻ കരാർ അനുസരിച്ച് 715 ഇനങ്ങൾ ഇറക്കുമതി ചുങ്കത്തിൽ ഇളവു നൽകിക്കൊണ്ട് നമ്മുടെ കമ്പോളത്തിലേക്ക് വരികയാണ്. അതിനുശേഷം 2003 ആകുമ്പോൾ ഇൻഡ്യൻ-ശ്രീലങ്കൻ കരാർ അനുസരിച്ച് ശ്രീലങ്കയുടെ കാർഷിക ഉൽപ്പന്നങ്ങളടക്കമുള്ള ഉൽപ്പന്നങ്ങളും നമ്മുടെ കമ്പോളത്തിലേക്ക് വരികയാണ്. ഇത് ഇനിയും നമ്മുടെ കാർഷിക മേഖലയെ വമ്പിച്ചതോതിൽ പിറകോട്ടു കൊണ്ടുപോകുന്നതിനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കും എന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. കാരണം നമ്മുടെ സംസ്ഥാനമാണ് ഏറ്റവും വലിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത്. ഇത്രയും വിസ്തൃതമായ ഏരിയയിൽ നാണ്യവിളകൾ കൃഷിചെയ്യുന്ന ഇൻഡ്യയിലെ ഏക സംസ്ഥാനം കേരളമാണ്. നമ്മുടെ കൃഷിഭൂമിയുടെ 80 ശതമാനത്തിലധികം പ്രദേശങ്ങളിലും നാണ്യവിളകൾ കൃഷിചെയ്യുന്നു. ഇൻഡ്യാ ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾ തീർച്ചയായും പ്രതികൂലമായി ബാധിക്കുന്നത് നമ്മുടെ സംസ്ഥാനത്തെയും കൃഷിക്കാരെയും കാർഷികമേഖലയെയും, കാർഷിക സമ്പദ് ഘടനയെയുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ ചെറുത്ത് ഇത് നമുക്ക് സംരക്ഷിക്കാൻ കഴിയണം. കേരള ഗവൺമെന്റ് വിചാരിച്ചാൽ ഇതിനെ പ്രതിരോധിച്ച് മുന്നോട്ടു പോകാൻ സാദ്ധ്യമല്ല. അതാണ് വസ്തുത. ലോക വാണിജ്യ കരാറിലെ വ്യവസ്ഥയനുസരിച്ച് തന്നെ കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ ഇറക്കുമതി ചുങ്കം 100 ശതമാനമായിട്ട് ഉയർത്താൻ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ കേന്ദ്ര ഗവൺമെന്റ് പാലിക്കുകതന്നെ വേണം. കേന്ദ്ര ഗവൺമെന്റ് ആ വ്യവസ്ഥ പാലിച്ചാലേ കേരളത്തിന്റെ കാർഷികമേഖലയെ സംരക്ഷിക്കാൻ കഴിയൂ. സംസ്ക്കരിച്ച ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ ഇറക്കുമതിച്ചുങ്കം ഈ വ്യവസ്ഥയ്ക്കുള്ളിൽനിന്നുകൊണ്ടുതന്നെ 150 ശതമാനമായി ഉയർത്താൻ കഴിയും. അങ്ങനെ 150 ശതമാനമായിട്ട് ഉയർത്തുന്നതിലൂടെ മാത്രമേ ഇതിനെ സംരക്ഷിക്കാൻ കഴിയൂ. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിച്ചുങ്കം ഈ വ്യവസ്ഥയ്ക്കകത്തുനിന്നുകൊണ്ട് 300 ശതമാനമായിട്ട് ഉയർത്താൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. ആ ഗവൺമെന്റ് അതിന്റെ അധികാരങ്ങൾ കൃത്യമായിട്ട് വിനിയോഗിച്ചെങ്കിൽ മാത്രമേ നമുക്ക് ഈ സ്ഥിതിവിശേഷത്തിൽ നിന്നും കേരളത്തിന്റെ കാർഷിക മേഖലയെ സംരക്ഷിക്കാൻ കഴിയൂ. ലോകം ആദരിക്കുന്ന, ലോകോത്തര കൃഷിശാസ്ത്രജ്ഞനായ കേരളീയനായ ഡോ. സ്വാമിനാഥൻ, കഴിഞ്ഞമാസം കേരള കാർഷിക സർവ്വകലാശാലയിൽ ഒരു പ്രഭാഷണം നടത്തി. അത് ഞങ്ങളെല്ലാവരും കേട്ടു. അദ്ദേഹം പറഞ്ഞു : ലോക വ്യാപാര കരാർ ഒപ്പിട്ട ജപ്പാനിലേക്ക് ലോകത്തിലെ ഏതുരാജ്യം വിചാരിച്ചാലും ജപ്പാനിലെ ഏതു വ്യാപാരി വിചാരിച്ചാലും ഒരു കിലോ അരി ഇറക്കുമതി ചെയ്യാൻ സാധിക്കുകയില്ല. കാരണം ഈ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ടു തന്നെ അവർ അരിയുടെ ഇറക്കുമതിച്ചുങ്കം 2,000 ശതമാനമായി ഉയർത്തി. ലോക വ്യാപാര സംഘടനയിൽ ഒപ്പുവച്ചിട്ടുള്ള രാജ്യങ്ങൾക്ക് ആ വ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ടുതന്നെ തന്റെ രാജ്യത്തിന്റെ കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുള്ള ഇറക്കുമതിച്ചുങ്കം വ്യവസ്ഥയനുസരിച്ച് പരമാവധി ഉയർത്താനുള്ള അധികാരമുണ്ട്. ജപ്പാൻ അതു ചെയ്യുന്നു. നമ്മുടെ രാജ്യം അത് ചെയ്യുന്നില്ല. അമേരിക്കയ്ക്ക് സൂപ്പർ 301 ഉണ്ട്. അവരുടെ വ്യാപാര

LIBRARY ARCHIVES Kerala Legislative Assembly

ആക്ടിലെ ചില വ്യവസ്ഥകളാണ്. അമേരിക്കൻ നാടുകളുടെ വ്യാപാര മേഖലയെ, വ്യവസായമേഖലയെ, കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഒറ്റ സാധനങ്ങളും അവർ രാജ്യത്തിലേക്ക് ഇറക്കുമതി ചെയ്യുകയില്ല. ഇനി ആരെങ്കിലും അങ്ങോട്ട് ഇറക്കുമതി ചെയ്താൻ ശ്രമിച്ചാൽ സൂപ്പർ 301 ഉപയോഗിച്ച് അവർ അതിനെ നേരിടുന്നു. അത് അവരുടെ കാർഷിക വ്യാവസായിക വ്യാപാരമേഖല സുരക്ഷിതമാക്കാൻ വേണ്ടി അവർ ചെയ്തിട്ടുള്ളതാണ്. എന്നാൽ നമ്മുടെ രാജ്യത്തിന് അങ്ങനെയൊരു സൂപ്പർ 301 ഓ, സൂപ്പർ 501 ഓ ഇല്ല. നമ്മുടെ രാജ്യത്തിന്റെ എല്ലാ വാതിലുകളും മലർക്കെ തുറന്നിട്ടു കൊടുത്തിരിക്കുകയാണ് 1991-ലെ ഗാട്ട് കരാറിനെത്തുടർന്ന്. ആ കരാറിൽ ഒപ്പിട്ട ആളുകൾക്ക് ഇപ്പോൾ കുറേശ്ശെ കാര്യങ്ങൾ മനസ്സിലാകുന്നോ എന്നെനിക്കറിയില്ല. ശ്രീ. ജോയിക്ക് നേരത്തെ മനസ്സിലായി. കാരണം കർഷകമേഖലയിലെ സ്ഥിതി ആദ്യം മനസ്സിലാക്കുന്നവരിൽ ഒരാൾ ശ്രീ. ജോയ്കുമാറല്ലോ. അതുകൊണ്ട് അദ്ദേഹത്തിന് കാര്യങ്ങൾ മനസ്സിലായിക്കാണും. അത് അദ്ദേഹത്തിന് തുറന്നുപറയാൻ കഴിയാത്ത അവസ്ഥയിലാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ഈ നയങ്ങൾ തിരുത്തിക്കുന്നതിനാവശ്യമായ വൻപിച്ച പോരാട്ടമാണ് നാം നടത്തേണ്ടത്. ആ പോരാട്ടം ഇൻഡ്യയിൽ ഉയർന്നുവരുന്നുണ്ട്. കൃഷിക്കാരും തൊഴിലാളികളും ജീവനക്കാരും ചെറുപ്പക്കാരും വിദ്യാർത്ഥികളും സ്ത്രീജനവിഭാഗങ്ങളും എല്ലാം ഒന്നിച്ച് സാമ്പത്തികനയം തിരുത്താൻ വേണ്ടി യുള്ള വൻപിച്ച പോരാട്ടത്തിലാണ്. 2-ാം സ്വാതന്ത്ര്യസമരം എന്നരാർത്ഥത്തിൽ ഉയർന്നുവരികയാണ്. ആ സമരം ഉയർത്തിക്കൊണ്ടുവരാനും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ഈ നയങ്ങളെ തിരുത്തിക്കാനും കഴിയണം. അതാണ് ഒരു പ്രധാനപ്പെട്ട മാർഗ്ഗം. സംസ്ഥാന ഗവൺമെന്റ് ഇതിനകം 15,000 മെട്രിക് ടൺ കയറ്റുമതി ചെയ്യാനുള്ള നടപടി സ്വീകരിച്ചു. 13,000 മെട്രിക് ടൺ ഇതിനകം കയറ്റി അയച്ചിട്ടുണ്ട്. അവശേഷിക്കുന്ന 2,000 മെട്രിക് ടൺ മാർച്ച് 30-ന് മുമ്പ് കയറ്റിയയ്ക്കാൻ ഉള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനു പുറമേയാണ് 50,000 മെട്രിക് ടൺ റബ്ബർ ശേഖരിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചത്. അതിനും ഗവൺമെന്റ് ഉത്തരവിറക്കി. ബന്ധപ്പെട്ട ഏജൻസികൾ അതിന്റെ സാദ്ധ്യത ആരാഞ്ഞുകൊണ്ടിരിക്കുന്ന സമയമാണ് അതിനുവേണ്ടി റബ്ബർ ശേഖരിക്കാൻ പർച്ചെയ്സ് ടാക്സ് ഇളവുചെയ്തത്. ഇതൊക്കെയായിട്ടും ഇതിനകം സംസ്ഥാന ഗവൺമെന്റ് 100 കോടി രൂപയാണ് റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ ചെലവഴിച്ചത്. നാളികേര കൃഷിക്കാരെ സംരക്ഷിക്കുന്നതിന് 20 ലക്ഷം നാളികേരം ഒരു ദിവസം കൊണ്ട് കൊപ്രയാക്കി മാറ്റാൻ കഴിയുന്ന 50 യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരഫെഡ്, വെയർഹൗസിംഗ് കോർപ്പറേഷൻ, തുടങ്ങിയ ഏജൻസികൾ മുഖേനയാണ് ഈ യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ റബ്ബർ കൃഷിക്കാരെയും മറ്റു കാർഷിക മേഖലയെയും സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ട്. നമ്മൾ നടത്തുന്ന ശ്രമങ്ങൾക്കെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ നടപടികളുടെ ഫലമായി നാം വിചാരിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

രീതിയിലുള്ള ചലനങ്ങളുണ്ടാക്കാൻ കഴിയുന്നില്ല. കാരണം അതിനേക്കാൾ വൻപിച്ച തോതിലുള്ള പുറകോട്ടടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയംമൂലം ഉണ്ടാകുന്നത്. അത് തിരുത്തിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നുണ്ട്. മേലിലും അത്തരം സമ്മർദ്ദങ്ങളും സമീപനങ്ങളും സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗത്തോടും ഈ സഭയോടും ഗവൺമെന്റിന് അറിയിക്കാനുള്ളത്.

IV സബ്മിഷൻ

(1) കോഴിക്കോട് ജില്ലയിൽ കോടഞ്ചേരിക്കടുത്ത് കണ്ണോത്ത്, സെന്റ് മേരീസ് പള്ളിയിൽ നടന്ന അതിക്രമം

ശ്രീ. സി. മൊയിൻകുട്ടി: സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കോടഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കണ്ണോത്ത് സെന്റ് മേരീസ് ചർച്ചിൽ കഴിഞ്ഞ 14-2-2001 ബുധനാഴ്ച രാത്രി ചില സാമൂഹ്യവിരുദ്ധ ശക്തികൾ അതിക്രമിച്ചു കയറി അൾത്താരയും സക്രാരിയും തകർത്ത് കുർബാനയ്ക്ക് ഉപയോഗിക്കുന്ന വിശുദ്ധവസ്ത്രങ്ങൾ മുഴുവൻ നശിപ്പിച്ചനിലയിൽ കണ്ടെത്തിയിരിക്കുകയാണ്. കോടഞ്ചേരി പോലീസ് മോഷണശ്രമവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തതായി അറിയുന്നു. ഇത് പ്രഥമദൃഷ്ട്യാ മോഷണമാണെന്ന രൂപത്തിൽ കാണാൻ ആർക്കും സാദ്ധ്യമല്ല. വളരെ വില പിടിച്ച സ്വർണ്ണംപൂശിയ പാത്രങ്ങളും അതുപോലെ വൻപിച്ച സംഖ്യ ഉൾക്കൊള്ളുന്ന നേർച്ചപ്പെട്ടിയും ആംപ്ലിഫയറും നിരവധി വിലപിടിപ്പുള്ള വസ്തുക്കളും നഷ്ടപ്പെട്ടതായി കാണാൻ സാധിക്കുന്നില്ല. വളരെ സമാധാനപരമായി സഹവർത്തിത്വം പുലർത്തുന്ന ഒരു പ്രദേശത്ത് ഇതുപോലുള്ള സംഭവം വളരെ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്നുള്ള ഭീതി ആ പ്രദേശത്ത് നിലനിൽക്കുന്നത്. സക്രാരിക്കടുത്തുള്ള ഒരു കിന്റലോളം ഭാരം വരുന്ന സിംഹാസനം താഴെ മറിച്ചിട്ട നിലയിൽ കാണപ്പെട്ടിരിക്കുകയാണ്. പള്ളിയുടെ വാതിൽ തകർത്താണ് അകത്തു കടന്നിട്ടുള്ളത്. പള്ളിവികാരി ഫാദർ ജോസഫ് പുത്തൻപുരയുടെ പരാതിയിൽ കോടഞ്ചേരി പോലീസും താമരശ്ശേരി ഡി.വൈ.എസ്.പി. യും സി.ഐ.യുമൊക്കെ അന്വേഷണം നടത്തിവരികയാണ്. പക്ഷേ ഇതുവരെ ഒരാളെപ്പോലും അറസ്റ്റു ചെയ്തിട്ടില്ല. മാത്രമല്ല ഇത് കേവലം മോഷണമെന്നതിലപ്പുറം വളരെ സമാധാനത്തോടുകൂടി ആളുകൾ ജീവിക്കുന്ന പ്രദേശത്ത് കുഴപ്പങ്ങൾ വിതച്ച് മറ്റെന്തോ മുതലെടുക്കുന്നതിനുള്ള ശ്രമമാണെന്ന് ആ പ്രദേശത്തെ ജനങ്ങൾ സംശയിക്കുന്നു. അതുകൊണ്ട് സമസ്ത ജനവിഭാഗങ്ങളും ഉൾപ്പെട്ട ഹർത്താലുകളും ജാഥയും മറ്റും അവിടെ നടക്കുകയാണ്. വമ്പിച്ച ഒരു പ്രതിക്ഷേധം തന്നെ അവിടെ ഉയരുകയാണ്. അതുകൊണ്ട് വളരെ ഫലപ്രദവും സത്വരവുമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, കോഴിക്കോട്, കോടഞ്ചേരിക്കടുത്ത് കണ്ണോത്ത് സെന്റ് മേരീസ് പള്ളിയിൽ 14-2-2001 രാത്രി മോഷണം നടന്നതായി പരാതി കിട്ടി. പള്ളിയുടെ സക്രാരി തകർക്കുകയും അലമാരയുടെ പൂട്ടുകൾ പൊളിക്കുകയും 500 രൂപയും 1500 രൂപ വിലവരുന്ന വാച്ചും മോഷ്ടിച്ചുകൊണ്ടുപോവുകയും ചെയ്തതായി പരാതിയിൽ

LIBRARY ARCHIVES Kerala Legislative Assembly